**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 340** **28-10-2021 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര വൈദ്യുതി വിഹിതം അധികമായി ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കേന്ദ്ര വൈദ്യുതി വിഹിതം അധികമായി ലഭിക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കാമോ ; | (എ) | കേന്ദ്ര നിലയങ്ങളിൽ നിന്നുള്ള വൈദ്യുതി വിഹിതം (85%) വിവിധ ഘടകങ്ങൾ കണക്കിലെടുത്ത് ഓരോ സംസ്ഥാനത്തിനും നിശ്ചിത അളവിൽ കേന്ദ്ര സർക്കാർ നിജപ്പെടുത്തിയിട്ടുള്ളതാണ്. സംസ്ഥാനത്ത് കേന്ദ്ര വിഹിതമായി ഏകദേശം 1641 മെഗാവാട്ട് വൈദ്യുതി ആണ് ലഭ്യമാകേണ്ടത്. എന്നാൽ പ്രസരണ ലൈനുകളിൽ വരുന്ന തടസ്സങ്ങൾ മുഖേനയോ ജനറേറ്ററുകളുടെ അറ്റകുറ്റപ്പണികൾ/യന്ത്രത്തകരാറുകൾ എന്നിവ മൂലമോ ടി വിഹിതത്തിൽ കുറവുകൾ ഉണ്ടാകാറുണ്ട്. നിലവിലുള്ള ഉൽപാദന കേന്ദ്രങ്ങളിലെ ശേഷിയുടെ ബാക്കിയുള്ള 15% വരെ un-allocated power ആയി നിജപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ അത്യാവശ്യ സന്ദർഭങ്ങളിൽ വിവിധ ഘടകങ്ങൾ പരിശോധിച്ച് ടി 15 ശതമാനത്തിൽ നിന്നും കേന്ദ്ര സർക്കാർ പുനർ വിഹിതം അനുവദിക്കാറുണ്ട്. ഇപ്രകാരം അലൊക്കേറ്റ് ചെയ്യാതെ മാറ്റിവച്ചിട്ടുള്ള വിഹിതത്തിൽ നിന്നും 100 മെഗാവാട്ട് വൈദ്യുതി അധികമായി അനുവദിക്കണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്. ഇതല്ലാതെ കേന്ദ്ര വിഹിതം അധികമായി ലഭിക്കുന്നതിന് സാധ്യതയില്ല. |
| (ബി) | കൂടംകുളം ഉൾപ്പെടെ കേന്ദ്ര പൂളിൽ നിന്നും സംസ്ഥാനത്തിന് അർഹമായ വിഹിതം യഥാസമയം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | കൂടംകുളം ഉൾപ്പെടെയുള്ള നിലയങ്ങളിൽ നിന്നും അർഹമായ വിഹിതം സംസ്ഥാനത്തിന് ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നുണ്ട്. അടുത്ത ദിവസം പ്രതീക്ഷിക്കുന്ന ഉൽപ്പാദനം തലേ ദിവസം രാവിലെ 8 മണിയോടു കൂടി ഉൽപ്പാദകർ Southern Regional Load Despatch Centre (SRLDC) യിൽ അറിയിക്കുകയും ആയത് SRLDC യുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്. ഇത്തരത്തിൽ പ്രതീക്ഷിക്കുന്ന ഉൽപാദനത്തിൽ എന്തെങ്കിലും മാറ്റം വരുത്തുന്ന പക്ഷം അതും വെബ്സൈറ്റിൽ ലഭ്യമാകും. ഈ വിവരങ്ങളെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനപ്പെടുത്തിയാണ് സംസ്ഥാനങ്ങൾ വൈദ്യുതി ലഭ്യമാക്കുന്നത്. വൈദ്യുതി ലഭ്യത ഉറപ്പാക്കിയതിനു ശേഷം ഉൽപാദനം നടത്താതെയിരുന്നാൽ CERC യുടെ DSM റെഗുലേഷൻ അനുസരിച്ചുള്ള പിഴ ഉൽപാദകർക്ക് ബാധകമാണ്. ഇത് കേന്ദ്ര പൂളിൽ പെട്ട ഉല്പാദന നിലയങ്ങൾക്കും സ്വകാര്യ നിലയങ്ങൾക്കും ഒരു പോലെ ബാധകമാണ്. എന്നാൽ ആണവ നിലയങ്ങൾക്ക് ഈ നിബന്ധനകളിൽ ചില ഇളവുകൾ നൽകിയിട്ടുണ്ട്. കൂടംകുളം നിലയത്തിൽ 22/6/2021 മുതൽ 1/9/2021 വരെ വാർഷിക അറ്റകുറ്റ പണികളുടെ ഭാഗമായി 130 MW-ന്റെ കുറവ് അനുഭവപ്പെട്ടിരുന്നു. ഇപ്പോൾ അത് പരിഹരിക്കപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തിന് അർഹതപ്പെട്ട കേന്ദ്ര വിഹിതം കൃത്യമായി ലഭിക്കുന്നു എന്നുറപ്പ് വരുത്തുന്നതോടൊപ്പം അനുവദിച്ച വൈദ്യുതി തടസ്സരഹിതമായി സംസ്ഥാനത്ത് എത്തിക്കുന്നതിനുള്ള പ്രസരണ ഇടനാഴിയുടെ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ